# പടയാളി



പള്ളിമംഗലം

# പടയാളി.

---

പള്ളിമംഗലം, എൻ. വി. തോമസ്.

കോപ്പി 1000.

1948

Printed at

THE "SANTA CRUZ" PRESS, ALLEPPEY.

2
T61/P18
DHARMARAM COLLEGE LIBRARY, BANGALORE. 3845

# പടയാളി

I

(നതോന്നത)

പാവനമാം ജീവിതത്തിൻ
        പൂവനമായ് പണ്ടൊരിക്കൽ
പാരിലെല്ലാം പുകൾനേടി-
        'ജലനഗരം.'
പിഴയെന്യെ തെളിവേറും
        ജലം നല്കുമൊരു നദി
യൊഴുകിയാ നല്ല നാടിൻ
        നടുവിലൂടെ.
ആളുതിങ്ങിപ്പാർത്തുപോരും
        പകിട്ടുള്ള പട്ടണങ്ങൾ
ആറിനിരുവശവുമായ്
        വളർന്നുവന്നു.
വിലയേറും ധാന്യമെല്ലാ-
        മളവെന്യെ വിളയുന്ന
വയലുകൾ സുലഭമായ്
        അവിടെയെങ്ങും.
വിരിയുന്ന പൂക്കൾ തിങ്ങി
        നിറയുന്നോരുദ്യാനങ്ങൾ

നിരനിരയായ് വിളങ്ങി
വീടുകൾതോറും.
പറുദീസാതന്നിലുമി-
ല്ലിതുപോലെ കായ്കനികൾ
പലതരം പൊഴിക്കുന്ന
തരുനികരം.
നാട്ടിലുള്ള ജനങ്ങൾക്കു
നന്മചെയ്യാൻ ഭരിക്കുന്ന
നീതിയേറും മന്നവനും
മന്ത്രിസംഘവും
ഒത്തുവന്നാ ജലനഗ-
രന്യരാജ്യങ്ങളെയെല്ലാം
വിത്തവിദ്യാദികളിലും
ജയിച്ചുനിന്നു.
പിഴപ്പിന്നു വഴിയില്ലാ-
തുഴലുന്ന ജനമില്ല
പിശകുള്ള നടപടി
കാണുവാനില്ല.
കുടുക്കുകൾ വച്ചിണക്കി
ദരിദ്രരെക്കുരുക്കുവാൻ
മിടുക്കേറും പണക്കാരു-
മവിടെയില്ല.
വളരെനാളീവിധത്തിൽ
കഴിയവേ പെട്ടെന്നൊരു

വലുതായ നാശം വന്നു
ചേൎന്നിതു നാട്ടിൽ
"ജലനഗർ-നദിയിലെ
ജലം തീരെക്കുറഞ്ഞുപോയ്,"—
ജനതതി നിലവിളി
കൂട്ടിയെങ്ങമേ.

മൂലമതിനെന്തെന്നോതു-
മറിയുവാൻ വശമില്ല,
കാലദോഷം തന്നെയെന്നു
പറഞ്ഞു ചിലർ
കതിരുകൾ വരുന്നോരു
പാകമായ പലധാന്യം
കരിഞ്ഞുപൊയ്പോകുമെന്നാ
നിലയിലായി.

നാടിനുള്ള മേന്മയെല്ലാം
നശിച്ചുപോയ്—എന്നുചൊല്ലി
നായകന്മാർ മനം മട്ട-
ത്തിരിപ്പുമായി.
ആഴമേറു മാററിലുള്ള
വെള്ളമെല്ലാം വററി വററി-
ത്താഴെയുള്ള ചെളിനീളെ-
ക്കാണുമാറായി.
കുടിക്കാനും കുളിക്കാനും
വെള്ളമില്ലാതെന്തുചെയ്യും?

കുറച്ചാണോ കുഴപ്പമി-
　　തോത്തുനോക്കിയാൽ.

പണമെത്രകൊടുത്താലും
　　പച്ചവെള്ളം കൈക്കലൊക്കാൻ
പണിയെന്നീനിലവന്നാൽ
　　കട്ടപ്പംതന്നെ.
ദേശഭക്തി കൂടുവോരും
　　നാടുവിട്ടുപോവുകയായ്;
ആശയററാലഭിമാനം
　　പൊഴിഞ്ഞുപോകും.

കലഹങ്ങളൊഴിക്കുവാൻ
　　ഗുണമേറും സക്കാരിൻെറ
പലവിധ പദ്ധതികൾ
　　പരിശ്രമിച്ചു.
കുളം കിണറെന്നിതെല്ലാം
　　ഗവമ്മെൻറു കണ്ടുകെട്ടി;
കളവില്ലാതാകുവാനായ്
　　മുദ്രയുംവെച്ചു.
മരിക്കാതെയിരിക്കുവാ-
　　നുള്ളവെള്ളം നിയന്ത്രിച്ചു
മരുന്നുപോലധികൃതർ
　　കൊടുത്തുപോന്നു.
കരുതലും വേണ്ടതെല്ലാ-
　　മവർചെയ്തു, കരിഞ്ചന്ത

തരംപോലെ തലപൊക്കി
വിളയാടാതെ.

ജലക്ഷാമം തുരത്തുവാൻ
വിദഗ്ദ്ധന്മാരടങ്ങിയ

ജനകീയസംഘവുമൊ-
ന്നുടനെയുണ്ടായ്.

ഭയങ്കര വിപത്തിന്റെ
മൂലം കണ്ടുപിടിക്കുവാൻ

പരിശ്രമമവർ ചെയ്തു
വിശ്രമമെന്യേ.

കാര്യമാരാഞ്ഞറിഞ്ഞപ്പോൾ
വിരുതന്മാരവർപോലും

വീര്യമെല്ലാം വെടിഞ്ഞയ്യോ
വിറച്ചുപോയി!

സംഗതികളറിഞ്ഞവ
ഭേദമെന്യേ സമർപ്പിച്ചു

സങ്കടമോടവരേവം
ജനസമക്ഷം.

"ജലനഗർ നനയ്ക്കുന്നാ
നദിയങ്ങു കിഴക്കുള്ള

മലകളിൽനിന്നൊഴുകി
വരുന്നതത്രെ.

പാറപൊട്ടിപ്പുറപ്പെട്ടു-
മരുവിയൊന്നാണുപോലു-

മാറിൻെറ മൂലമായി
നിലകൊള്ളുന്നു.

അതിൽനിന്നും പൊങ്ങിവരും
ജലം നേരേ പടിഞ്ഞാറേ-

യ്ക്കുരുചിയായൊഴുകുന്നു
തടസ്സമെന്യേ.

ഒന്നുരണ്ടുദിവസത്തെ
വഴിയിങ്ങു കഴിയുമ്പോൾ

വന്നുചേരും നദിയൊരു
തടാകംതന്നിൽ.

കട്ടാ നീലനിറമായ
കാട്ടു തിങ്ങി വളരുന്ന

തടങ്ങളിൽ—ഇടക്കിടെ
പാറയും കാണാം.

കടുവായും കരടിയും
കുറവല്ലെന്നിരുന്നാലും

കുടിപാപ്പു തുടങ്ങിപ്പോയ്
അവിടെയിപ്പോൾ.

ഒഴുകുന്നു നദി വീണ്ടും
പടിഞ്ഞാറേ ദിക്കിലേക്കായ്;

ഒടുവിലീ ജലനഗർ-
തന്നിലെത്തുന്നു.

വേനലായാൽ മലയിലേ
മഞ്ഞുരുകിവരും വെള്ളം

വേണ്ടുവോളം നദിയിതിൽ
　　നിറഞ്ഞുകൊള്ളും.
ഇതുമൂലം നമുക്കൊരു
　　ജലക്ഷാമം വന്നുചേരാ-
നിടയായില്ലിന്നുവരെ-
　　യല്പമായ്പ്പോലും.
നിലയെന്തു മാറിയിപ്പോൾ!
　　നാവുപോലും നനയ്ക്കുവാൻ
ജലമില്ലാതായി നമ്മൾ
　　വിഷമിക്കുന്നു.
ഇതിനുള്ള മൂലമെന്തെ-
　　ന്നുരചെയ്യാം,—അറിയുമ്പോൾ
അധികമായ് പരിഭ്രമി-
　　ക്കരുതേയാരും.
മനുഷ്യരെ വിഴുങ്ങുന്ന
　　ഭീകരനാമൊരു സർപ്പം
മരുവുന്നു മുൻപറഞ്ഞ
　　തടാകംതന്നിൽ.
എവിടന്നു വന്നുചേർന്നീ-
　　ച്ചെകുത്താനെന്നറിവില്ല,
വിവിധമായ് വിവരങ്ങൾ
　　പറഞ്ഞുകേൾക്കാം.
പാതിരാത്രിസമയത്തു
　　പൊട്ടുന്നനെ മേലിൽനിന്നും

പാമ്പുരാജൻ തടാകത്തിൽ
വീണതാണെന്നും,
കൂട്ടമോടെ മൃഗങ്ങളെ
തിന്നുതിന്നു മെഴുത്തുള്ള
കാട്ടുകരിങ്കോളിയെന്ന
നാഗമാണെന്നും,

പലവിധം ചരിത്രങ്ങൾ
പറയുന്നു ബഹുജനം
പരമാൎത്ഥമറിയുവാൻ
വഴിയില്ലിപ്പോൾ.

വായ് തുറന്നു തീ വമിച്ചാൽ
കാടുവെന്തു ചാമ്പലാകും;
വാലുപൊക്കിയടിച്ചാലോ
മാമരം വീഴും.

കണ്ണുരുട്ടും കാഴ്ചകണ്ടാൽ
മന്നിലുള്ള ജീവിയേതും
മണ്ണിൽവീണു വിറച്ചുട-
നന്തരിച്ചീടും.

കാളമേഘം പോലിരുണ്ട
ചിറകുകൾ വിരിച്ചിടി-
വാൾകണക്കെയവൻ പൊങ്ങി-
പ്പറക്കും പോലും.

തടാകത്തിൽനിന്നു വെള്ളം
പുറത്തേക്കു കടക്കുന്നോ-

രിടത്തിൽത്താൻ കിടക്കുന്നു
    സൎപ്പമെപ്പോഴും.
ഉടലിൻെറ ചൂട്ടു സ്വല്പം
    കുറക്കുവാനായിരിക്കാം
തടിയനിത്തരത്തിനു
    വന്നു വസിപ്പൂ.
അകലത്തുനിന്നു കാണ്മാം
    മുതുകിൻെറ മുകൾഭാഗ-
മടിതെററി മറിഞ്ഞോരു
    പൎവ്വതംപോലെ.
മത്സ്യമെല്ലാം തിന്നുതീൎന്നു,
    ഭുജിക്കുവാനവനിപ്പോൾ
മാംസമൊന്നാംതരം തന്നെ
    വേണമെന്നായി.

ആടു, കാള തുടങ്ങിയ
    മൃഗങ്ങളെ വിഴുങ്ങീട്ടൊ-
രാളിനേയു മശിക്കാതെ-
    യടങ്ങാറില്ല.

മനുഷ്യൻെറ മാംസമേററം
    രുചിയുള്ളതെന്നു സ്വന്ത-
മനുഭവം കൊണ്ടു പുള്ളി-
    യറിഞ്ഞുപോയി.

കരയിലേയ്ക്കവനൊന്നു
    കയറിയാൽ വെള്ളമല്പം

കയത്തിൽ നിന്നാററിലേയ്ക്കു
കടന്നുകിട്ടും.
ശരി, പക്ഷേയവനപ്പോഠം
നമ്മളിൽ നിന്നൊരുത്തനെ
ശരിപ്പെട്ടത്തിടുമതി-
നില്ലൊരുഭേദം.

മാത്രമല്ല, പശുക്കളും
മററുമവനിച്ഛപോലെ
മാർഗ്ഗമദ്ധ്യേ കാണ്മതെല്ലാം
വെട്ടിവിഴുങ്ങും.

നിനയ്ക്കുമ്പോളിതു രണ്ടു-
മൊരുപോലെ ഭയങ്കരം;
ഇനിയില്ല ഗതിയൊട്ടും
നമ്മുടെ നാട്ടിൽ.

ദുഷ്ടസപ്പം വസിക്കുന്ന
ദിക്കിൽനിന്നു തെല്ലു തെക്കായ്
പുല്ലുതിങ്ങും വലിയൊരു
തകിടികാണാം.

അടുത്തൊരു വഴിയുമു-
ണ്ടതിൽക്കൂടി യേറെനാളായ്
നടക്കുവാൻ മുതിന്നിട്ടി-
ല്ലാളുകളാരും.
തകിടിയിൽ പശുക്കളെ-
ക്കണ്ടുപോയാൽ ദുഷ്ടജന്തു

തടിതി പറന്നവയ്ക്കു
പുറകെയെത്തും.

തിന്നു പള്ള നിറഞ്ഞാലും
മനുഷ്യനെപ്പിടിക്കാനായ്
പിന്നെയവൻ കുടികളിൽ
കടന്നു ചെല്ലും.

മേമ്പൊടിയായ് മർത്ത്യമാംസം
രുചിച്ചിട്ടു തിരിച്ചെത്തും
പാമ്പുവീരൻ തടാകത്തിൻ
നടുവിൽ വീണ്ടും.

പറക്കുന്ന പാമ്പിൽനിന്നു-
മോടിമാറാനാവതല്ല,
കരഞ്ഞാലും പിടിയവൻ
വിടുകയില്ല.

പോരിനാരും പോരാ, പിന്നെ
ശരംകൊണ്ടാലേശുകില്ല;
പാറപോലെ കട്ടത്താ-
ണവൻെറ ഗാത്രം.

മന്ത്രവാദം നൂറു കൂട്ടം
ചെയ്തതൊട്ടും തട്ടിയില്ല;
തന്ത്രമൊന്നുമവനോടു
പററുകയില്ല.

മുകളിൽനിന്നിവൻെറമേ-
ലിടിവെട്ടാതിവനൊരു

വികല്പവും വരുമെന്നു
നിനയ്ക്കാൻ വയ്യ.

എങ്കിലുമിക്കാര്യമെല്ലാം
ചിന്തചെയ്തു വിദഗ്ദ്ധന്മാർ
സങ്കടത്തിനുപശാന്തി
യൊന്നു ചൊല്ലുന്നു.

ദുഷ്ടസർപ്പം ശാന്തനായി
വസിക്കുവാനേകമാർഗ്ഗ-
മിഷ്ടമുള്ള ഭക്ഷണം നാം
നല്കുകയത്രെ.

പൊതുജനങ്ങളിൽനിന്നും
പിരിവൊന്നു നടത്തേണം
പതിവായിത്തീററിനല്കി
പാമ്പിനെപ്പോററാൻ

മെഴുത്തുള്ള കാള മൂന്നും
നല്ല മുട്ടാടുകൾ പത്തും
മിതമായ തീററിയെന്നു
നിർണ്ണയം ചെയ്യാം.

ആഴ്ചതോറുമൊരിക്കൽ നാ-
മിവയെല്ലാം കൊടുക്കേണം;
വീഴ്ചവരാതിരിക്കുവാൻ
ശ്രദ്ധയും വേണം.

പരിഭ്രമിക്കരുതാരും;
ചിട്ടിയിട്ടു മുറപോലെ

തിരഞ്ഞെടുക്കണമൊരു
മനുഷ്യനെയും.
ചിട്ടിവീഴും സ്ത്രീപുമാന്മാർ
ധൈര്യമോടെ പാമ്പിനുള്ളോ-
രഷ്ടിയായിത്തീന്നിടാതെ
മാൎഗ്ഗമില്ലേതും.
വിധിയെന്നു കരുതി നാം
വഴങ്ങാതെ വഴിയില്ല;
വഴക്കിട്ടാലൊഴിവിതിൽ
വരികയില്ല.
നമ്മളെല്ലാമൊന്നാടങ്കം
നശിക്കാതെയിരിക്കുവാൻ
നല്ലമാൎഗ്ഗമില്ല വേറെ
ഭൂമിയിലൊന്നും.
പാമ്പിനുമീ സമ്പ്രദായം
തൃപ്തിയാകും; ക്ലേശമെന്യേ
മുമ്പിൽവന്നു ചേരുമല്ലോ
നല്ല ഭോജ്യങ്ങൾ.
ആഴ്ചയിലൊരാളുപോയാൽ
സാരമുണ്ടോ, ജനസംഖ്യ-
യ്ക്കായതുകൊണ്ടിടിവുണ്ടോ
വരുവാൻ പോണു?
ആണ്ടുതോറുമായിരങ്ങൾ
ജനിക്കുന്ന മഹാരാജ്യ-

ത്താധിവേണ്ടാരമ്പതാള്ള
കുറഞ്ഞുപോയാൽ.
പിന്തുണയിപ്പദ്ധതിക്ക
പൌരരെല്ലാം നല്കിടേണ-
മെന്തുതന്നെ വരികിലും
ശങ്കയില്ലാതെ."

മന്നവനും മന്ത്രിമാരും
ജനങ്ങളുമൊരുപോലെ
ഖിന്നരായിത്തീൎന്നുപോയീ
ലേഖനം കാൺകെ.

ചിട്ടിയിടാൻ കല്പനയും
നൃപൻനല്കി,യതിൽ തൻെറ
കൊട്ടാരവുമുൾപ്പെട്ടത്താൻ
മടിച്ചുമില്ല

II

(ഉണൎമൊരം)

മുറപോലെ ചിട്ടി വീഴുന്നനേരം
മുറവിളിയാഴ്വതോറും മുഴങ്ങി.
കണവനെ സൎപ്പം തിന്നൊന്നു ചൊല്ലി-
ക്കരയുന്ന നാരിമാരേറെയായി
തനയന്മാർ നഷ്ടമായ്പ്പോകമൂലം
ജനനിമാർ തല്ലിയലച്ചു കേണു.
ഉല്ലാസമെല്ലാം നിലച്ചു, നാട്ടിൽ
വല്ലായ്മ മൂടിപ്പൊതിഞ്ഞുനിന്നു.

അറിയാത്ത നേരത്തു വന്നുവീഴും
കുറിയെന്ന കാര്യം കട്ടപ്പമല്ലോ.

III

ഒരു ദിനം കേൾക്കയായ് മന്നവൻെറ
യരമന തന്നിലും വൻപ്രലാപം.
അരചൻെറ പുത്രിയാം കന്യകക്കു
കുറിവീണു പാമ്പിനു തീററിയാവാൻ.
അഴകിലും ശീലഗുണത്തിലുമി-
ല്ലവളോടു തുല്യയായ് നാട്ടിലാരും.

(മഞ്ജരി)

ഇരുളേറും രാത്രിയിൽ കുളിരും വെളിച്ചവു-
മരുളുന്ന പൂനിലാവെന്നപോലെ,
കവികൾക്കും വർണ്ണിപ്പാൻ കഴിയാത്ത ലാവണ്യം
കവിയുന്ന പനിനീർപ്പൂവെന്നപോലെ,
ഹൃദയത്തിലാനന്ദം പൊഴിയുവോരാശയം
മൃദുളപദങ്ങളിലെന്നപോലെ,
ഒരുനാളും മനതാരിൽ നിന്നു മായിക്കുവാ-
നരുതാത്ത പൊന്നിൻ കിനാവുപോലെ,
പൂങ്കാവിനൊക്കെയുമോമനയായ് വാഴും
പൈങ്കിളിക്കുഞ്ഞിൻെറ ഗാനംപോലെ,
ഏവക്കും വാത്സല്യപാത്രമാം കന്യക-
യ്ക്കീവിധം മൃത്യുവോ വന്നുചേന്നു!

(ഗുണമേറും)

അനുകമ്പ നാട്ടിലെപ്പൌരരെല്ലാ-
മവളിൽപ്പൊഴിച്ചതു കണ്ടനേരം

ഇളവൊന്നു കന്യകയ്ക്കായി മാത്ര-
മരുളേണമെന്നായി മന്ത്രിസംഘം.
അരചനും പുത്രിയെ രക്ഷചെയ്യാ-
നതിലേക്കു ചായുമെന്നുള്ള ദിക്കായ്
മതിമുഖി മാത്രമീവാർത്തകേൾക്കെ-
പ്രതിഷേധഭാവം വെളിപ്പെടുത്തി.

(കാകളി)

"വഞ്ചനയാണിതു സമ്മതിക്കില്ല ഞാൻ"
ചഞ്ചലയാവാതെ കന്യക ചൊല്ലിനാൾ.
"നാരിമാരെത്രപേർ ചിട്ടിവീണീവിധം
നാടിനെയോർത്തുതാൻ ജീവനർപ്പിച്ചുപോയ്.
ഞാൻമാത്രമിങ്ങനെ തെററിമാറീടുകിൽ
നാമാവശേഷമാം നാട്ടിലെ നീതികൾ.
രാജകുമാരിയാമെന്നുടെ ഭീരുത
രാജ്യത്തിന്നെല്ലാം കളങ്കമാവില്ലയോ?
മാനിനിമാരുടെ പേരിനുപോലുമേ
മാനമില്ലാതെയായ്ത്തീരുകയില്ലയോ?
കൈതവമില്ലാത്ത മാതൃകയേകുവാൻ
കൈവന്നഭാഗ്യവും സന്ത്യജിക്കാവതോ?
ജീവനെപ്പോലും ജനത്തിന്നായ് നല്കുന്ന
സേവനമെത്രയും കാമ്യവുമല്ലയോ?
ഓർക്കുന്നനേരത്തു ചിത്തേ മഹാഭയം
ചേർക്കുന്നമാതിരി മൃത്യുവാണെങ്കിലും
പോകട്ടെ ഞാനെൻെറയോഹരി നേടുവാൻ
വേഗമനുഗ്രഹം നല്കിയയക്കുവിൻ."

ആദരോമലിങ്ങനെ ന്യായം പറയവേ
ധീരതപാരം പുകഴ്ത്തിനാരേവരും.

IV

(ഗുണമേറും)

ഒട്ടവിലാദ്ദർദ്ദിനം വന്നുചേൻറു,
മട്ടമൊഴി പോകാനൊരുങ്ങി നിന്നു.
ഓമനപ്പുത്രിയെ രക്ഷചെയ്യാൻ
താൻമതിയാകയില്ലെന്ന മൂലം
ഹൃത്തടം പൊട്ടുമാറത്തമാത്ര-
മത്തലിൽ മുങ്ങുന്ന താതനോട്ടം,
ഭീതിയും ദുഃഖവും കൊണ്ടുജീവൻ
പാതിയും പോയതു പോലെയായി,
കണ്ണുനീരന്തമില്ലാതെ ചിന്തി-
ക്കൺമണിക്കുഞ്ഞിൻെറ പേരുചൊല്ലി,
കേണിട്ടും തന്നുടെയമ്മയോട്ട-
മേണാക്ഷിയെങ്ങനെ യാത്രചൊല്ലും?
സംഗതിയൊന്നു മറിഞ്ഞിടാതെ
'യെങ്ങപോണെ'ന്നു ചോദിച്ചു നില്ക്കും
തൻകൊച്ചുസോദരന്മാരിൽ നിന്നും
മങ്കയിന്നെങ്ങനെ വിട്ടുപോവും?
നിഴലുപോലെപ്പൊഴും തൻെറ കൂടി-
ക്കഴിയുന്ന തോഴിമാരത്രപേരും
കരയുന്നു, കന്യകയേത്തു മട്ടിൽ
പിരിയുന്നനേരത്തു യാത്രചൊല്ലും?

'എങ്കിലുമായതും നിർവ്വഹിക്കാ-
തെങ്ങനെ',യെന്നു നിനച്ചുതന്വി
പ്രാണൻ പിരിയുമാറുള്ള ദുഃഖം
കാണാതെയുള്ളിലൊതുക്കി നിർത്തി,
അന്ത്യമാം യാത്രപറഞ്ഞിറങ്ങി
സന്ധ്യക്കു മുമ്പൊരു തേരിലേറി
സർപ്പം വസിക്കുന്ന കാട്ടിലേക്ക്
ക്ഷിപ്രം പുറപ്പെട്ടു പോവുകയായ്.

(നതോന്നത)

ധീരതയോടീവിധത്തിൽ
പേരെഴുന്ന ജയമുദ്ര
നാരീമണി തനിക്കായി
നേടിയെങ്കിലും,
നശ്വരമാം ജഗത്തിലെ
മന്നംമയക്കിടും നാനാ-
നന്മകളെത്തുച്ഛമായി-
ത്തള്ളിയെങ്കിലും,
തെരുതെരെ മുഴങ്ങിയ
നിലവിളി കേട്ടുചിത്തം
തളരാതെ തരളാക്ഷി
നിന്നുവെങ്കിലും,
ഒരുകാര്യം നിനച്ചപ്പോ,ളം
തരുണിക്കു തൻമൃദുവാം
ഹൃദയത്തിൽ വീണ്ടുമേറെ
സങ്കടം തോന്നി.

തൻെറപക്കൽ സമപ്പ്ിച്ച
മന്ത്രികുമാരൻെറ ചിത്തം
തക്കമെന്ന്യേ തകരുമീ
വിരഹം മൂലം.

ആശയററ യുവാവിൻെറ
കാൎയ്യമോൎത്തു വീണ്ടും വീണ്ടു-
മാകുലയായ് തേരിൽവച്ചു
കരഞ്ഞു തന്വി.

## V

(മാവേലി)

ആദിത്യനെയും വിഴുങ്ങുവാനായ്
ആഴിയൊരുങ്ങുകയായിരുന്നു;
കാർമുകിൽ മാലകൾമൂടി, മാനം—
കണ്ണുനീർ വീഴ്ത്തുകയായിരുന്നു;
പാട്ടുനിറുത്തിയപ്പക്ഷിജാലം
കൂട്ടിൽപ്പതുങ്ങുകയായിരുന്നു
കാട്ടിലെ വന്മരക്കൂട്ടമെല്ലാം
കാററിൽ വിറയ്ക്കുകയായിരുന്നു;
പാമ്പിനെപ്പാൎത്തു സംഭീതയായി
രാജകുമാരിയും നിന്നിരുന്നു.

ആടുകൾ, ഗോക്കളും ബന്ധനത്തി-
ലായതിൻ കാൎയ്യമറിഞ്ഞിടാതെ,
കണ്ണുമിഴിച്ചു കിടന്നിരുന്നു
കന്യകതൻെറയരികിലായി.

(നതോന്നത.)

കുലകന്യാമണി തൻെറ-
യവസാന നിമിഷങ്ങൾ
കലങ്ങുന്ന ഭാവനയിൽ
കണ്ടു നില്ക്കവേ,
'പടപട'ക്കുളമ്പൊച്ച
മുഴങ്ങുന്നു തകിടി ത-
ന്നാട്ടുള്ള വിജനമാം
രാജപാതയിൽ.

തനിവെള്ളനിറത്തിലു-
ള്ളൊരു പടക്കുതിരയെ-
പ്പുറപ്പിച്ചു വരുന്നൊരു
ഭടനിതാരോ?

നെടിയവാളുറയിലി-
ട്ടരവാറിൽ തിരുകിയു-
മിടതുകൈയ് കടിഞ്ഞാണിൽ
പിടിച്ചുകൊണ്ടും,
അടിതൊട്ടു മുടിവരെ
ഘനമേറും കാരിരുമ്പു
പടച്ചട്ടലാഘവമോ-
ടണിഞ്ഞുകൊണ്ടും,
തനിവെള്ളനിറത്തിലു-
ള്ളൊരു പടക്കുതിരമേൽ
വരുന്നോരു ഭടവര-
നിവനിതാരോ?

പരിഭ്രമംപൂണ്ടു തമ്പി
പാന്ഥനാരെന്നറിയുവാൻ
പരിശ്രമിച്ചീടും നേരം
പൂരുഷനയാൾ
കുതിരയെ നടത്തുന്നു
കുമാരിതൻ സമീപത്തേ-
യ്ക്കതിമാത്രമത്ഭുതപ്പെ-
ട്ടുള്ള ഭാവത്തിൽ.
കരുണയും ധീരതയും
വിനയവുമൊരുപോലെ
നിറയുന്ന കണ്ണുകൾകൊ-
ണ്ടവളെ നോക്കി,
"കരയുന്നതെന്തിനേവം
സോദരീ, നീയേകയായി
വരുവാനും കാര്യമെന്തി-
ക്കൊടിയ കാട്ടിൽ?
കഴിവുള്ള തുണയേതു-
മരുളുവേൻ, പറഞ്ഞാല്പ-
മഴലെന്തെ,"ന്നിതി ചൊല്ലീ-
യാഗതൻ പിന്നെ.
കൃതജ്ഞത വിളങ്ങുന്ന
മുഖപത്മമുയർത്തിയാ
സതിയേവം പടയാളി-
വീരനോടോതി.

"ശരണമററുഴലുമീ
യബലയിലവിടന്നു
കരുതുന്ന കരുണയ്ക്കു
നന്ദിചൊൽവൂ ഞാൻ.
ഇവിടെ ഞാൻ വന്നചേന്ന
കഥനന്നെ ദീർഘമത്രേ,
യിന്നിനേരമില്ലതെല്ലാം
ചൊല്ലുവാനായി.
അപകടമാണിവിടെ
യീനിലയിൽ താമസിച്ചാ,-
ലവിടന്നീദിക്കുവിട്ടു
പോകണം വേഗം.
അതിഭയങ്കരനൊരു
സപ്പ്മിങ്ങു വരുമിപ്പോൾ;
അതിനുമുമ്പോടി രക്ഷ
നേടണം ഭവാൻ."
"സപ്പ്മിങ്ങു വരുമെങ്കിൽ
നില്പതെന്തേ നീയിവിടെ?"—
അത്ഭുതംവൾിച്ചു പാന്ഥൻ
തിരക്കീവീണ്ടും.
"അവനു ഞാനിരയാവാ-
നുള്ളവളാ,ണയ്യോ മതി,
യിവിടെനിന്നോടി മാറി-
പ്പോകണം വേഗം."

വനമെല്ലാം കിടുങ്ങുമൊ-
രലച്ച്കേ"ട്ടിതാ സപ്പം
വരുന്നല്ലോ, ചതി"ച്ചെന്നു
പറഞ്ഞു തമ്പി.

യുദ്ധവീരനുടൻ തൻെറ
നീണ്ടകുന്തം കൈയിലേന്തി
സപ്പത്തോടു മല്ലിടുവാ-
നൊരുങ്ങി നിന്നു.

വാലുപൊക്കിപ്പിടിച്ചു കൊ-
ണ്ടടുക്കുമാജന്തുവിൻെറ
കോലമാകും പേടിതോന്നും
വണ്ണനംചെയ്യാൻ

വലിയൊരു മുതലയാ-
ണുടലിൻെറ മട്ടു കണ്ടാൽ;
പുലിയുടെ പുള്ളിപോലെ
പുറം നിറയെ;

കനൽപോലെ രണ്ടു കണ്ണും,
തലയിൽ ചുവന്ന പൂവും,
കടിക്കുവാൻ പിളത്തിയ
വലിയ വായും;

ചിറകുകൾപോലെ രണ്ടു
പത്തിയു,ണ്ടീസത്വമോത്താൽ
മൃഗമല്ല, പക്ഷിയല്ല,
സപ്പവുമല്ല!

അതിവേഗമടുത്തവൻ
പടയാളിവീരനെത്തൻ
കുതിരയോടൊരുമിച്ചു
വിഴുങ്ങുവാനായ്.

(മാവേലി)

തൽക്ഷണം കുന്തമെടുത്തു വീരൻ
തക്കത്തിലാഞ്ഞൊരു കുത്തുകുത്തി;
തലയിൽത്തറഞ്ഞതു പാഞ്ഞുമണ്ണിൽ
നിലയായി—സർപ്പം പുളഞ്ഞുപോയി.
അലറിപ്പിടഞ്ഞുടൻ ദുഷ്ടജീവി-
യവസാനക്കൈകളെടുത്തുനോക്കി.
പതിവിൽക്കവിഞ്ഞു വിരണ്ടുനില്ക്കും
കുതിരയെത്തട്ടി മറിച്ചിടാനായ്
കുതികാലിൻമേലിലായ് വാലുചുററി-
യുതറിപ്പാൻ സാദ്ധ്യമല്ലാത്തമട്ടിൽ.
വിരുതൻെറ ലാക്കറിഞ്ഞൊരുവീര-
നൊരുഞൊടിക്കുള്ളിലെടുത്തുചാടി,
ഉറയിൽനിന്നൂരിയ വാളുവീശി
തലയൊററവെട്ടിനു വെട്ടിനീക്കി.
അകലത്തു മാമരങ്ങൾക്കു പിന്നിൽ
സകലവും കാണണമെന്നുവച്ച്,
മങ്കമാർ മെയ്വലിയിൽ ക്രുദ്ധകൂട്ടം
കിങ്കരന്മാർ പലർ നിന്നിരുന്നു.
പാമ്പിനെ നിഗ്രഹിച്ചെന്നുകാൺകെ-
യാർപ്പുവിളിച്ചവരോടിയെത്തി,

തലപോയ്കിടക്കുന്ന ജന്തുവിനെ
വളരുന്ന കൌതുകമോടു നോക്കി.
"മതിയിനിപ്പോകണം നമ്മൾ വേഗം,"
മതിമുഖി ഭൃത്യരോടോതി യേവം,
"അരമനതന്നിലെല്ലാവരുമി-
ന്നാതിയായി ദുഃഖിച്ചിരിക്കയല്ലേ?"
പടയാളി വീരനുമൊത്തു മോദാ-
ലുടനവരേവരും യാത്രയായി.
വഴിപോലെ പാമ്പിൻ ചരിത്രമവർ
വഴിയിലങ്ങോളവുമോതി പോലും.

---

## VI

(നതോന്നത)

മന്നാവനും മന്ത്രിമാരും
ജനപ്രതിനിധികളും
അന്നുതന്നെ യോഗം കൂടി-
യരമനയിൽ.
പടയാളിവീരനൊത്ത
പ്രതിഫലം കൊടുക്കുവാൻ
പരിപാടിയവരൊന്നു
നിർണ്ണയംചെയ്തു.
ലോഭമെന്യേ പണം വാരി-
ച്ചിലവിട്ടു ഘോഷമൊന്നു
ലോകമെല്ലാം വിസ്മയിക്കും
രീതിയിൽ തീർത്തു.

തോരണങ്ങൾ, കൊടികൾ, പൂ-
മാലകളെന്നിവഗ്ഗൃഹം-
തോറുമെല്ലാ ദിക്കിലും
നിരക്കുകയായി.

പലതരം കളികളും
താളമേളം നാടകവു-
മളവിൽക്കവിഞ്ഞു നാട്ടിൽ
വിളമ്പീമോദം.

തെളിവുള്ള വെള്ളം തുള്ളി-
ത്തുളുമ്പുന്ന നദി, വള്ളം-
കളിക്കൊന്നു വിളയാടാൻ
രംഗവുമായി.

അരയന്നരഥം പോലെ
പണിതീൎത്തപള്ളിയോടം
അരമനക്കടവില-
ന്നണിഞ്ഞൊരുങ്ങി.

അകമ്പടിക്കരികിലായ്
പൊൻകുമിളപ്പട്ടചാൎത്തി-
യനവധി ചുരുളനും
ചുണ്ടനുമെത്തി.

പടയാളി പാമ്പിനോട്ട
പടവെട്ടും പടം കാണായ്
നെട്ടനീളെപ്പറക്കുന്ന
കൊടികൾ തോറും.

"നമ്മുടെ സംരക്ഷകനാം
ദിവ്യനായ ഗീവറുഗീസ്"—
എന്നാനാമം തങ്കവർണ്ണ—
ലിപിയിൽ മിന്നി.

അരമന മുററത്തൊരു
വലുതായ മണ്ഡപവും
അവർ തീർത്തു സമ്മേളനം
നടത്തുവാനായ്.

അരചനാം പടയാളി-
വീരനുമങ്ങെത്തിയപ്പോൾ
അഖിലജനവും ഹർഷാ-
രവംമുഴക്കി.

പ്രജകളെ നോക്കി മന്നൻ
സംസാരിക്കാൻതുടങ്ങവേ
പ്രസന്നരായവരതു
ശ്രവിച്ചു ചേലിൽ:

"അഭികുലജാതരായ
മന്ത്രിമാരേ, ജനങ്ങളേ,
അതിയായ മോദംമൂലം
കുഴങ്ങുന്നു ഞാൻ.

അറിയുന്നു നിങ്ങളെല്ലാ-
മെന്തിനായ് നാമിന്നിവിടെ
ഒരുമിച്ചു കൂടിയെന്ന
സംഗതി നന്നായ്.

ഉഗ്രനായ പാമ്പിനെത്തൻ
കരുത്തേറും കരംകൊണ്ട്
നിഗ്രഹിച്ച ദിവ്യനൊരു
നന്ദി ചൊല്ലുവാൻ,

അതിനൊരു പ്രതിഫല-
മരുളുവാൻ നമ്മളാരും
മതിയല്ലെന്നോതിയൊന്നു
കൃതാൎത്ഥരാവാൻ,

നിറയുന്ന മോദമോടേ
നമ്മളേവം സമ്മേളിച്ചു;
പറയാതെയറിയാമീ-
സംഗതിയാക്കും.

ദിവ്യതേജസ്സണിയുന്ന
യോധവീരാ! ജഗദീശൻ
ശ്രേയമങ്ങേക്കരുളുവാൻ
പ്രാൎത്ഥിപ്പു ഞങ്ങൾ.

എത്രമാത്രം ദുരിതത്തിൽ
മുങ്ങി ഞങ്ങൾ കേണിരുന്നു;
എത്രമാത്രം ലജ്ജ ഞങ്ങൾ
സഹിച്ചിരുന്നു!

നരകത്തിൻ പകൎപ്പായി-
ത്തീൎന്ന നാടിനങ്ങുമൂലം
നവജീവൻ വീണു,വന്നു
സുവൎണ്ണകാലം.

ചെറുതാമെയാരത്ഥനയീ-
ഞങ്ങൾ ചെയ്യുതവിടുന്നു
നിരസിക്കാതിരിക്കണം
കനിവുതോന്നി.

കരബലംകൊണ്ടു ഭവാൻ
രക്ഷിച്ചോരെൻ കുമാരിയെ
പരിണയം ചെയ്യണമെ-
ന്നാഗ്രഹിപ്പൂ ഞാൻ.

ചെറിയവരെൻെറ മക്കൾ
പ്രായമായി വരും വരെ
ഭരിക്കയും വേണമെൻെറ
രാജ്യവും ഭവാൻ."

ഹസ്തഘോഷം തുടച്ചയായ്
മുഴക്കിയാ ജനതതി
ഹർഷമെത്ര മാത്രമെന്നു
വെളിപ്പെടുത്തി.

*　　*　　*　　*

അറിയാതെയല്ലമൊന്നു
ഞെട്ടിപ്പോയ് രാജപുത്രി;
ഒരുകുറി ക്രൂരിത്തൻെറ
സ്വപ്നം തകന്നു!

പ്രാണനേയും നാടിനേയും
രക്ഷചെയ്ത വീരനെത്താൻ
പ്രാണനാഥനായ് വരിപ്പാൻ
മടിച്ചിടാമോ?

പറയാമോ തടസ്സങ്ങൾ?
നന്ദികേട്ട കാണിക്കാമോ?
പ്രജകൾക്കു കുണ്ടിതത്തി-
നിടയാക്കാമോ?
പിതൃഹിതം, ജനഹിതം,
കൃതജ്ഞത,യിവയെല്ലാ-
മെതിർ നില്ക്കേ, യെന്തുചെയ്യും
രാജകുമാരി!

*　　*　　*　　*

മറുപടി പറയുവാൻ
പടയാളിയെഴുന്നേററു;
മഹാജനം പ്രശാന്തരായ്
ശ്രവിച്ചിരുന്നു.
"അഭിവന്ദ്യ തിരുമേനി,
മന്ത്രിമാരേ, ജനങ്ങളേ,
അതിവിനീതനായ് ചെയ്‌വൂ
നമസ്കാരം ഞാൻ.
ഒരു തെററിദ്ധാരണയാ-
ലിത്രമാത്രം ബഹുമതി
ചൊരിയുന്നു നിങ്ങളെന്നിൽ—
അറിയുന്നു ഞാൻ.
വെറുമൊരു പടയാളി
മാത്രമാണീയെളിയവൻ;
കരുതരുതെന്നെ യേതോ
ദിവ്യനെപ്പോലെ.


കാൽവരി മലയിങ്കൊരു
കുരിശിൽ മരിച്ചു നമ്മെ
യേവരേയും 'സർപ്പ'ത്തിൻെറ
പിടിയിൽ നിന്നും
വിടുവിച്ച ദിവ്യനാഥ-
നരുളിയ ശക്തിമൂലം
കൊടിയൊരിപ്പാമ്പിനെഞാൻ
കൊന്നുവെന്നോർപ്പിൻ.
കുരിശിൻെറ തണലിൽ നാം
പൊരുതിയാൽ തീർച്ചയായും
വരിച്ചീടും വലുതായ
വിജയമെന്നും.
സർവ്വശക്തൻ ജയം കനി-
ഞ്ഞരുളുമ്പോളതിൽപ്പിന്നെ
ഗർവ്വമേശാൻ നമുക്കുണ്ടോ
വല്ലതും ന്യായം?
ഇതുമൂലം നമ്മളിന്നു
നന്ദിയേറും മനസ്സോടെ
സ്തുതിയെല്ലാം നല്കിടേണം
നാഥനു തന്നെ.
പാവനമാം ദൈവനാമം
വാനിലെന്നപോലെ തന്നെ
പാരിലും മഹത്വമാർന്നു
ജയിച്ചിടട്ടെ.
കഴിവുപോൽ നന്മചെയ്‌വാൻ
കടമില്ലാത്താരുമില്ല,

വഴി പലവിധമെന്നു
വേദമോതുന്നു.
ധനം, മാനം, പരിണയം,
സ്ഥാനമെന്നീ സംഗതിക-
ളെനിക്കിനി യുക്തമല്ല
സേവനത്തിനായ്.
ആകയാൽ ഞാനേകനായി
വന്നപോലെ മടങ്ങട്ടെ,
ആരുമിതിൽ പരിഭവി-
ക്കരുതേതെല്ലും.
ജീവനേയും പ്രജകൾക്കായ്
നല്കിയോരീ ധീരകന്യ
റാണിയായി ഭാഗ്യമോടേ
നാടുവാഴട്ടെ.
ഗുണഗണനിധിയായ
കന്യകയ്ക്കു മന്ത്രീസുത-
നിണങ്ങുന്ന വരനായും
ലസിച്ചിടട്ടെ.
ജലനഗറനുദിന-
മഭിവൃദ്ധി നേടി നേടി
യുലകിനു തിലകമായ്
ലസിച്ചിടട്ടെ.
പറയുന്നു യാത്ര ഞാ,നെൻ
ദിക്കിലേക്കു തിരിക്കട്ടെ,
ചൊരിയട്ടെ മംഗളങ്ങൾ
നിങ്ങളിലീശൻ.

The Santa Cruz Press, Alleppey.

DC Library
*00003845*
T61 P18

# പടയാളി



പള്ളിവംഗലം

Indic Digital Archive Foundation
gpura.org